**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 967** **12-06-2024 - ൽ മറുപടിയ്ക്ക്**

**നീർനായ ശല്ല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ഇരുവഴിഞ്ഞി പുഴ, ചാലിയാർ പുഴ എന്നിവിടങ്ങളിൽ അനിയന്ത്രിതമായ തരത്തിൽ നീർനായകൾ വർദ്ധിക്കുന്നതും അവ പൊതുജനങ്ങളെ ആക്രമിക്കുന്നതുമായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇരുവഴിഞ്ഞിപ്പുഴയുടേയും ചാലിയാർ പുഴയുടേയും ചില കടവുകളിൽ ആളുകൾക്ക് നീർനായയുടെ കടിയേറ്റ ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നീർനായകളുടെ എണ്ണം അനിയന്ത്രിതമായി വർദ്ധിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ കാരണം വിശദമാക്കുമോ; | (ബി) | അറവ് മാലിന്യങ്ങൾ പുഴകളിൽ നിക്ഷേപിക്കുന്നത് ആയതിന് കാരണമായേക്കാവുന്നതാണ്. ഇതിന് വിശദമായ പഠനം നടത്തേണ്ടതായിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പുഴകളിൽ അറവ് മാലിന്യം തള്ളുന്നത് തടയുകയും, കുളിക്കടവുകളിൽ ലോഹവല സ്ഥാപിക്കുകയും ചെയ്താൽ നീർനായകളെ ഒരു പരിധിവരെ തടയുവാൻ സാധിക്കുന്നതാണ്. കൂടാതെ പുഴക്കടവുകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നത് അപകടം ഒഴിവാക്കാൻ സഹായിക്കും. ഇവ നടപ്പിലാക്കാൻ തദ്ദേശ-സ്വയംഭരണസ്ഥാപനങ്ങളുടെ കൂടി സഹകരണവും സഹായവും ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ